**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 417** **08-10-2024 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (എ) | കേന്ദ്രസഹായമുള്ള ആരോഗ്യ സുരക്ഷാ പദ്ധതിയായ രാഷ്ട്രീയ സ്വാസ്ത്യ ബീമ യോജന (ആർ.എസ്.ബി.വൈ), സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (സി.എച്ച്.ഐ.എസ്), ചിസ് പ്ലസ്, സീനിയർ സിറ്റിസൺ ആരോഗ്യ ഇൻഷ്വറൻസ് (എസ്.സി.എച്ച്.ഐ.എസ്) തുടങ്ങിയവ ലയിപ്പിച്ച് രൂപീകരിച്ച കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (കാസ്പ്) കൂടുതൽ ആനുകൂല്യങ്ങൾ ഉൾപ്പെടുത്തി വിപുലപ്പെടുത്തിയിട്ടുള്ളതിനാൽ അത് സംബന്ധിച്ച അധിക ബാധ്യത സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 2021-22 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെ കാസ്പിന് കീഴിൽ വരുന്ന കേന്ദ്ര സ്കീമുകൾക്കുള്ള തത്തുല്യ സംസ്ഥാന വിഹിതമായി 448.86 കോടി രൂപയും അധിക സംസ്ഥാന വിഹിതമായി 2956.68 കോടി രൂപയും 2024 സെപ്തംബർ 30 വരെ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ